LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ അച്ചുകൂടത്തിന്റെ പ്രവർത്തനം

102 (3311) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ എല്ലാ അച്ചടി ജോലികളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സർക്കാർ അച്ചുകൂടങ്ങൾ പര്യാപ്തമാണോ ;

(ബി) സർക്കാർ പ്രിന്റിംഗ് പ്രസ്സുകളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഉമയനല്ലൂർ സർക്കാർ അച്ചുകൂടത്തിന്റെ പ്രവർത്തനം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പര്യാപ്തമല്ല.

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആധുനികവൽക്കരണ നടപടികൾ നടന്നുവരുന്നു.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ റെയിൽവേ വികസന പ്രവർത്തനങ്ങൾ

102 (T3312) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് എത്തെല്ലാം പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളത് ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നല്കി ;

(സി) 2001-02 മുതൽ 2004-05 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ വിവിധ റെയിൽവേ പദ്ധതികളുടെ പൂർത്തീകരണത്തിനായി കേന്ദ്ര ഗവൺമെന്റ് എന്ത് തുകയാണ് സംസ്ഥാനത്ത് ചെലവഴിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കേരളത്തിന് മാത്രമായി ഒരു റെയിൽവേ സോൺ അനുവദിക്കുക. കേരളത്തിൽ നിലവിലുള്ള റെയിൽവേ ലൈനുകൾ വൈദ്യുതീകരിക്കുകയും ഇരട്ടിപ്പിക്കുകയും ചെയ്യുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡ് ഓവർബ്രിഡ്ജുകളും റോഡ് അണ്ടർ ബ്രിഡ്ജുകളും നിർമ്മിക്കുകയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലിരിക്കുന്നവ പൂർത്തീകരിക്കുകയും ചെയ്യുക.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

താനൂർ-ഗുരുവായൂർ, അങ്കമാലി-ശബരിമല മുതലായ പുതിയ ലൈനുകൾ നിർമ്മിക്കുക. നിലമ്പൂർ-നഞ്ചൻഗുഡ് ലൈൻ നിർമ്മിക്കുക. 'പാലസ് ഓൺ വീൽസ്' മാതൃകയിൽ കാസർഗോഡു നിന്നും കന്യാകുമാരിയിലേക്ക് ഒരു ട്രെയിൻ അനുവദിക്കുക. നിലവിലുള്ള ട്രെയിനുകൾ ദീർഘിപ്പിക്കുകയും അവയുടെ സമയത്തിൽ മാറ്റം വരുത്തുകയും അവയുടെ എണ്ണം കൂട്ടുകയും ചെയ്യുക. ഹ്രസ്വദൂര ഷട്ടിൽ ട്രെയിനുകൾ ഓടിക്കുക. നെടുമ്പാശ്ശേരിയിൽ റെയിൽവേ സ്റ്റേഷൻ നിർമ്മിക്കുക. തിരുവനന്തപുരം, തൃശ്ശൂർ തുടങ്ങിയ സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കുകയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക. കൊല്ലം, വിരുദുനഗർ ലൈൻ ഗേജ് മാറ്റം ത്വരിതപ്പെടുത്തുക. വല്ലാർപാടം കണ്ടയിനർ ടെർമിനലുമായി ബന്ധപ്പെട്ട് പുതിയ ലൈൻ നിർമ്മിക്കുക. വെണ്ടുരുത്തിപ്പാലം പുതുക്കിപ്പണിയുക/അറ്റകുറ്റപ്പണി തീർക്കുക. ജില്ല/താലൂക്ക് ആസ്ഥാനങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് റെയിൽവേ റിസർവേഷൻ സംവിധാനം നടപ്പിലാക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത് റെയിൽവേ മന്ത്രാലയമാണ്. വിശദമായ റെയിൽവേ പദ്ധതികൾ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത് സമർപ്പിക്കാറില്ല. കേന്ദ്ര സർക്കാരിന് സമർപ്പിച്ച ആവശ്യങ്ങളിന്മേൽ കേന്ദ്ര സർക്കാർ അനുഭാവ പൂർണ്ണമായ നടപടികൾ സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം-കന്യാകുമാരി റെയിൽപ്പാത

104 (3313) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ അതിന്റെ നടപടികൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly